## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1666 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പാർട്ണർ കേരള മിഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | പാർട്ണർ കേരള മിഷൻ പ്രവർത്തനം അവസാനിപ്പിക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ; | (എ) | പാർട്ണർ കേരള മിഷന് അതിന്റെ രൂപീകരണ ഉദ്ദേശലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലും KIIFB ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ IMPACT KERALA LIMITED രൂപീകരിച്ച സാഹചര്യത്തിലുമാണ് പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്. |
| (ബി) | ബി.ഒ.റ്റി.വ്യവസ്ഥയിൽ ആരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ പ്രൊപ്പോസലുകളിൽ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ; | (ബി) | പാർട്ണർ കേരള മിഷന്റെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെ ബി.ഒ.റ്റി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |
| (സി) | മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി ഗ്രാമപഞ്ചായത്ത് ബി.ഒ.റ്റി. വ്യവസ്ഥയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ സംബന്ധിച്ച 1507895/ഡി.ബി./17/എൽ.എസ്.ജി.ഡി. എന്ന ഫയലിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | മംഗൽപാടി പഞ്ചായത്ത് സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ച് തീരുമാനം പഞ്ചായത്തിനെ അറിയിക്കുന്നതാണ്. |
| (ഡി) | ബി.ഒ.റ്റി. വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വികസന പദ്ധതികൾ നടത്താനാകുമെന്നിരിക്കെ ഇത് സംബന്ധിച്ച് സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | KIIFB യുടെ ധനസഹായത്തോടെ മേജർ ഇൻഫ്രാസ്ലക്ച്ചർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിലും പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ